**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187** **15-10-2024 - ൽ മറുപടിയ്ക്ക്**

**സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.ക്ക് ഓഹരി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കരിമണൽ ഖനനവുമായി ബന്ധപ്പെട്ട സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.ക്ക് എത്ര ശതമാനം ഓഹരി ഉണ്ടെന്ന് വ്യക്തമാക്കാമോ; സർക്കാരിന്റെ ഓഹരിയുള്ള പ്രസ്തുത കമ്പനിക്ക് സർക്കാർ ചട്ടങ്ങളും നിബന്ധനകളും ബാധകമാണോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സി.എം.ആർ.എൽ. കമ്പനിയിൽ കെ.എസ്.ഐ.ഡി.സി.ക്ക് 13.41% ഓഹരിയുണ്ട്. സി.എം.ആർ.എൽ എന്ന കമ്പനി സർക്കാർ കമ്പനിയല്ല. |
| (ബി) | എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡിന് എന്ത് സേവനം ലഭ്യമാക്കിയതിനാണ് സി.എം.ആർ.എൽ. കമ്പനി പണം നൽകിയതെന്ന് വിശദമാക്കാമോ; സി.എം.ആർ.എൽ. കമ്പനി എക്സാലോജിക് സൊല്യൂഷനെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കാമോ; പ്രസ്തുത കമ്പനി എക്സാലോജിക് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡുമായി എന്തെങ്കിലും കരാറിൽ ഏർപ്പെട്ടിരുന്നോ; എങ്കിൽ കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സി.എം.ആർ.എൽ. നടപ്പാക്കിയ കരാറുകളുടെ വിശദാംശങ്ങളോ പകർപ്പോ സർക്കാരിൽ ലഭ്യമല്ല. |
| (സി) | എക്സാലോജിക് കമ്പനിയുമായി സി.എം.ആർ.എൽ. നടത്തിയ ഇടപാടുകളുടെ പേരിൽ കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ചോദ്യം ചെയ്തത് ഏത് ഇടപാടുമായി ബന്ധപ്പെട്ടാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ